# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1588 — 10/02/2020-ൽ മറുപടിയ്ക്ക്

## വികലാംഗരായ കോളനി നിവാസികളുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വികലാംഗരായ ഭൂരഹിതരും ഭവന രഹിതരുമായ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി മുട്ടത്തറയിൽ രണ്ടേക്കർ സ്ഥലം നഗരകാര്യ വകുപ്പിന് കൈമാറിയിരുന്നുവോ; എങ്കിൽ വീടുകൾ നിർമ്മിച്ചുനൽകി ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | എ), ബി) & സി) | സർക്കാറിന്റെ 18/02/2016 ലെ സ.ഉ (എം.എസ്) നം.138/2016/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വെ നം. 2610 ൽ പെട്ട 2.2 ഹെക്ടർ (5.5 ഏക്കർ) സ്ഥലത്തു നിന്നും 1.41 ഹെക്ടർ ഭൂമി വികലാംഗ കോളനിയിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭവനം നിർമ്മിച്ച് നൽകുന്നതിനായി നഗരകാര്യ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.<br>നഗരകാര്യ വകുപ്പിന് കൈമാറിയിട്ടുള്ള പ്രസ്തുത ഭൂമിയിൽ, മുട്ടത്തറയിലെ വികലാംഗ കോളനിയിലെ നിവാസികളുടെ പുനരധിവാസത്തിനായി നഗരകാര്യ വകുപ്പിൽ നിന്നും പ്രസ്തുത സ്ഥലം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് കൈമാറികിട്ടുന്ന മുറയ്ക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച നൽകുന്നതാണ്. ആയതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| ബി) | 'ലൈഫ് മിഷൻ' പദ്ധതിയിലുൾപ്പെടുത്തി വികലാംഗരായ ഭവനരഹിത കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചു നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | | |
| സി) | നിവേദനം നൽകി മൂന്ന് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ